# നീര: 30 തെങ്ങിൽനിന്ന് ഒരുമാസം കൊണ്ട് കിട്ടിയത് 1.20 ലക്ഷം

മുതുവല്ലൂർ ● നീര ടാപ്പിങ്ങിന് 30 തെങ്ങ് റജിസ്റ്റർ ചെയ്ത കേരകർഷകന് ഒരുമാസംകൊണ്ടു ലഭിച്ചത് 1.20 ലക്ഷം രൂപ.

ചെറിയാപറമ്പിലെ ചേനങ്ങാട്ടിൽ അവറാൻകുട്ടിക്കാണ് ഡിസംബർ മാസം നീര ചെത്തിയ ഇനത്തിൽ മികച്ച വരുമാനം കിട്ടിയത്.

നാളികേര വികസന ബോർഡിന്റെ കീഴിലുള്ള മലപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ നീര പദ്ധതിയിലൂടെയാണിത്.

ചീക്കോട് ചെറിയാപറമ്പ് നാളികേര ഉൽപാദക സംഘത്തിൽ റജിസ്റ്റർ ചെയ്ത 280 തെങ്ങുകളിൽ 30 തെങ്ങുകൾ ചേനങ്ങാട്ടിൽ അവറാൻകുട്ടിയുടേതാണ്. ഒരു ദിവസം 120 ലീറ്റർ നീര വീതം മാസം 3,600 ലീറ്റർ നീരയാണു കിട്ടിയത്. അതിനുള്ള തുകയാണ് 1.20 ലക്ഷം രൂപ.

ചെറിയാപറമ്പിൽ നടന്ന ചടങ്ങിൽ കെ. മുഹമ്മദുണ്ണി ഹാജി എംഎൽഎ ചെക്ക് വിതരണം ചെയ്തു. കമ്പനി ചെയർമാൻ നാസർ പൊന്നാട് ആധ്യക്ഷ്യം വഹിച്ചു.